# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 71

10.12.2012--ൽ
മറുപടിക്ക്.

## എമർജിംഗ് കേരള നിക്ഷേപക സംഗമം

ചോദ്യം

ശ്രീ. ബി സത്യൻ

(എ)എമർജിംഗ് കേരള നിക്ഷേപക സംഗമത്തിലൂടെ ഉരുത്തിരിഞ്ഞു വന്നിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി)ഓരോ പദ്ധതിയും തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളേയും പദ്ധതിയ്ക്ക് പ്രത്യേക ഇളവുകൾ ആവശ്യമെങ്കിൽ അവയേയും സംബന്ധിച്ച് വിശദമാക്കാമോ ;

(സി) ഓരോ പദ്ധതിയുടേയും നിക്ഷേപകരാരൊക്കെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ), (ബി) & (സി) 'എമർജിംഗ് കേരള'യിലൂടെ കേരളത്തിൽ നിക്ഷേപത്തിനു താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് വിവിധ മേഖലകളിലായി നിരവധി കമ്പനികൾ മുന്നോട്ടു വരികയുണ്ടായി. ഈ കമ്പനികൾ സമർപ്പിച്ച പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് പരിശോധനയ്ക്കായി കൈമാറിയിട്ടുണ്ട്. പദ്ധതികളുടെ വിശദമായ പരിശോധനകൾക്കുശേഷം സംസ്ഥാനത്തിന്റെ സാഹചര്യത്തിനു അനുയോജ്യമായ പദ്ധതികൾക്കു മാത്രം അനുമതി നൽകുന്നതാണ്. അനുമതി നൽകുന്ന മുറയ്ക്ക് വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതാണ്.

ഇതിന്റെ തുടർനടപടികൾ കൈക്കൊള്ളുന്നതിലേക്കായി മുഖ്യമന്ത്രി ചെയർമാനായി ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഒരു ഇൻവെസ്റ്റ്മെന്റ് പ്രോമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും പുതുതായി സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്കും സമയബന്ധിതമായി അംഗീകാരം നൽകുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും

ഉദ്ദേശിച്ചുള്ളതാണ് ഈ കൗൺസിൽ. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറായും കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. 'എമർജിംഗ് കേരള'യിലൂടെ വരുന്ന ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകുകയാണ് ഈ ബോർഡിന്റെ ചുമതല.

**സെക്ഷൻ ഓഫീസർ**